പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :727 29.05.2019-ൽ മറുപടിക്ക്

## കട്ടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് & പ്രോസ്സസ്സിംഗ് സംഘത്തിലെ ജീവനക്കാരുടെ പെൻഷൻ

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

മറുപടി

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് & പ്രോസ്സസ്സിംഗ് സംഘത്തിലെ ജീവനക്കാരുടെ പെൻഷൻ പ്രശ്നം പരിഹരിക്കുന്നതിന് ബഹു.സഹകരണ വകുപ്പ മന്ത്രിക്ക് നൽകിയ 15/02/2019 ലെ 7337/2019 നമ്പർ നിവേദനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) യും (ബി) യും | കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് & പ്രോസ്സസ്സിംഗ് സംഘത്തിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പ്രശ്നം സംബന്ധിച്ച് ടി സൊസൈറ്റി മാനേജിംഗ് ഡയറക്ടർ 03/02/2019-ൽ സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് സെക്രട്ടറിക്ക് എഴുതിയ ബഹുമാനപ്പെട്ട അംഗത്തിന്റെ 06/02/2019-ലെ കത്ത് മുഖേന സർക്കാരിൽ ലഭിച്ച് 7377/മിനിസ്റ്റർ (സഹകരണം, ടൂറിസം & ദേവസ്വം)/2019 നമ്പരിൽ സ്വീകരിച്ച് സർക്കാരിൽ സഹകരണ വകുപ്പിൽ 3275570 നമ്പരായി 21/02/2019-ൽ ലഭിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ 06/02/2019-ലെ മേൽ കത്തിന്റെ ഒരു പകർപ്പും സർക്കാരിൽ സഹകരണ വകുപ്പിൽ ലഭിക്കുകയും ആയത് 3258605 നമ്പരായി സ്വീകരിച്ചിട്ടുള്ളതുമാണ്. 03/02/2019-ലെ മേൽ കത്ത് സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ പെൻഷൻ ബോർഡ് സെക്രട്ടറിക്കും റിപ്പോർട്ടിനായി അയച്ചു കൊടുത്തിട്ടുണ്ട്. |
| (ബി) | ഈ വിഷയം സംബന്ധിച്ച് സി/3275570 & സി/3258605 എന്നീ നമ്പരുകളിൽ നിലവിലുള്ള ഫയലുകളിൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ; | | |
| (സി) | വർഷങ്ങളായി ഈ സഹകരണസ്ഥാപനത്തിൽ ജോലി ചെയ്തശേഷം വിരമിച്ച തൊഴിലാളികളുടെ പെൻഷൻ പ്രശ്നത്തിൽ, മാനുഷികപരിഗണന | (സി) | ടി സഹകരണ സംഘം പ്രവർത്തനരഹിതമാണ്. സംഘം സർക്കാരിലേക്കും നിക്ഷേപകർക്കും തുക നൽകുവാനും ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങളും നൽകുവാനുമുണ്ട്. ഈ |

| | | | |
|---|---|---|---|
| | നല്കി പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ: വിശദമാക്കാമോ? | | വിഷയത്തിൽ സർക്കാർ ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ സംബന്ധിച്ച വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**